തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 1764/എ1/2024/അഡ്മിൻ

തീയതി: 24.04.2024

# ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2024-2025 അധ്യയനവർഷം ആരംഭിക്കുന്ന താഴെപ്പറയുന്ന ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം.

1. എം.എ. ഭാഷാശാസ്ത്രം
2. എം.എ. മലയാളം (സാഹിത്യപഠനം)
3. എം.എ. മലയാളം (സാഹിത്യരചന)
4. എം.എ. മലയാളം (സംസ്കാരപൈതൃകം)
5. എം.എ. ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻസ്
6. എം.എ. പരിസ്ഥിതിപഠനം
7. എം.എസ്സി പരിസ്ഥിതിപഠനം
8. എം.എ. വികസനപഠനവും തദ്ദേശവികസനവും
9. എം.എ. ചരിത്രപഠനം
10. എം. എ. സോഷ്യോളജി
11. എം.എ. ചലച്ചിത്രപഠനം
12. എം.എ. താരതമ്യസാഹിത്യ- വിവർത്തനപഠനം

- ഓരോ പ്രോഗ്രാമിലും പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുക. (പ്രവേശനത്തിന് സർക്കാർ അംഗീകൃത സംവരണക്രമം പാലിക്കപ്പെടും).
- എം. എ./എം.എസ്സി പരിസ്ഥിതിപഠന പ്രോഗ്രാമുകൾക്ക് രണ്ടു പ്രോഗ്രാമുകൾക്കുമായി പരമാവധി സീറ്റ് 20 ആയിരിക്കും.
- നാലു സെമസ്റ്ററുകളിലായി രണ്ടു വർഷം ദൈർഘ്യമുള്ളതാണ് ഈ പ്രോഗ്രാമുകൾ. പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്നതിനുള്ള അടിസ്ഥാനയോഗ്യത ഏതെങ്കിലും വിഷയത്തിലെ അംഗീകൃത ബിരുദമായിരിക്കും.
- എം.എസ്സി പരിസ്ഥിതി പഠനകോഴ്സിന് പ്ലസ്ടു തലത്തിൽ സയൻസ് പഠിച്ചിട്ടുള്ള അംഗീകൃത ബിരുദധാരികൾക്കു മാത്രമേ അപേക്ഷിക്കാനാകൂ.
- അപേക്ഷകർ 2024 ഏപ്രിൽ 1 ന് 28 വയസ്സ് കഴിഞ്ഞവരാകരുത്. (പട്ടികജാതി/പട്ടികവർഗ്ഗം/ഭിന്നശേഷിയുള്ളവർ എന്നിവർക്ക് 30 വയസ്സ് വരെയാകാം).
- ഓരോ പ്രോഗ്രാമിനും അഭിരുചി നിർണയിക്കുന്ന പ്രവേശനപ്പരീക്ഷ എഴുതേണ്ടതാണ്. ഒരാൾക്ക് പരമാവധി മൂന്ന് പ്രോഗ്രാമുകൾക്ക് പ്രവേശനപ്പരീക്ഷ എഴുതാവുന്നതാണ്. രണ്ടു പ്രോഗ്രാമുകൾക്ക് പ്രവേശനപ്പരീക്ഷ എഴുതുന്നവർ ഓരോ പ്രോഗ്രാമിനും പ്രത്യേകം ഫീസ് അടക്കേണ്ടതാണ്.
- രണ്ട് പ്രോഗ്രാമുകൾക്ക് ഫീസ് അടച്ചവർക്ക് മൂന്നാമത്തെ വിഷയം ഫീസ് അടയ്ക്കാതെ എഴുതാൻ അവസരം ഉണ്ടായിരിക്കും. എന്നാൽ ഇവർ നിർബന്ധമായും

അപേക്ഷയിൽ തന്നെ മൂന്നാമത്തെ വിഷയം തെരഞ്ഞെടുത്തിരിക്കണം.

- സാഹിത്യരചനാ പ്രോഗ്രാമിന് അപേക്ഷിക്കുന്നവർ അഞ്ചു പുറത്തിൽ കവിയാത്ത അവരുടെ ഏതെങ്കിലും രചന (ഒരു കഥ/രണ്ട് കവിത/നിരൂപണം) നിർബന്ധമായും അഭിരുചിപ്പരീക്ഷാ സമയത്ത് കൊണ്ടുവരികയും പരീക്ഷയുടെ ഉത്തരക്കടലാസിനൊപ്പം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. (പ്രസ്തുത രചനയിൽ പേര് എഴുതാൻ പാടില്ല.) ഇത് മൂല്യനിർണയത്തിൽ പരിഗണിക്കും. (രചന വിലയിരുത്തുന്നത് പരമാവധി 20 മാർക്കിലായിരിക്കും)

- വയസിളവിനും സംവരണാനുകൂല്യത്തിനും അർഹതയുള്ളവർ / അത് തെളിയിക്കുന്ന രേഖകൾ, നോൺക്രിമിലയർ സർട്ടിഫിക്കറ്റ്, ബിരുദ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ അസ്സൽ പ്രവേശനസമയത്ത് ഹാജരാക്കണം. അപേക്ഷയിൽ നൽകിയ മാർക്കും ഹാജരാക്കുന്ന മാർക്കും തമ്മിൽ വ്യത്യാസം ഉണ്ടാവരുത്.

- പരീക്ഷാകേന്ദ്രം, സ്ഥലം, തീയതി, സമയം എന്നീ വിശദാംശങ്ങൾ ഹാൾടിക്കറ്റിൽ കാണിക്കുന്നതാണ്. ഹാൾടിക്കറ്റ് ഇ-മെയിലിൽ ലഭ്യമാക്കുന്നതാണ്.

- പരീക്ഷാകേന്ദ്രങ്ങൾ - തിരുവനന്തപുരം, എറണാകുളം, തിരൂർ, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ ആയിരിക്കും.

- **അപേക്ഷാ ഫീസ് :**

  **ഓരോ പ്രോഗ്രാമിനും - 450/- രൂപ വീതം**
  (പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിയുള്ള അപേക്ഷകർക്ക് (പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് അക്ട് അനുസരിച്ച്)

  **ഓരോ പ്രോഗ്രാമിനും - 225/- രൂപ വീതം**
  മലയാളസർവകലാശാലയുടെ അക്കൗണ്ടിലേക്ക് SBI ഇ-കളക്ട് വഴി **പണമടച്ച് ബാങ്കിൽ നിന്ന് ലഭിക്കുന്ന യു.ടി.ആർ./ ജേർണൽ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ അപേക്ഷയിൽ നിർബന്ധമായും കാണിക്കണം.** സർവകലാശാലയിൽ നേരിട്ട് ഫീസടച്ചും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- അപേക്ഷാഫോറം www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. **അപേക്ഷ ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്.** അപേക്ഷകന്റെ ഫോട്ടോ, കൈയൊപ്പ് എന്നിവ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്.

- ഓരോ വിഷയത്തിനും ഒരു മണിക്കൂർ ദൈർഘ്യമുള്ള പ്രവേശനപരീക്ഷയാണ് ഉണ്ടായിരിക്കുക. ഒബ്ജക്ടീവ് (വസ്തുനിഷ്ഠം) മാതൃകയിലും ഡിസ്ക്രിപ്റ്റീവ് (വിവരണാത്മകം) മാതൃകയിലുമായി 50 മാർക്കിന്റെ ചോദ്യങ്ങൾ ഒരു പരീക്ഷക്ക് ഉണ്ടായിരിക്കും.

- അഭിരുചിപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അഭിരുചിപരീക്ഷയിൽ 40% മാർക്കെങ്കിലും നേടിയാൽ മാത്രമേ റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. (എസ്. സി., എസ്. ടി, ഭിന്നശേഷി എന്നീ വിഭാഗങ്ങൾക്ക് 30% മാർക്ക് മതിയാകും.)

- പ്രവേശന പരീക്ഷാതീയതി പിന്നീട് അറിയിക്കുന്നതാണ്.

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : 2024 മെയ് 20**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

**രജിസ്ട്രാർ ഇൻ ചാർജ്**